*Home Minister* (SHRI A. J. JOHN): I move that a sum of Rs. 100 be granted under the above head for meeting Dearness Allowance. മുകളിൽ പറഞ്ഞിട്ടുള്ള ആളുകൾക്ക് ഡിയർനസ്സ് അലവൻസ് നൽകുന്നതിനാണ് ഈ 100 രൂപ. ഇതനുവദിച്ചുതരാൻ അപേക്ഷിക്കുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum of Rs. 100 be granted under Demand XIII-27 (c) Dearness Allowance, was put and carried.

The grant was made.

## 27. Administration of Justice.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I move for a grant of Rs. 64,180 under Demand XIII-27 Administration of Justice (d) Civil and Sessions Courts Allowances.

സർ, ഇതിനു പത്തുലക്ഷത്തിനാൽപ്പത്തിഎണ്ണായിരം രൂപയായിരുന്നു ഒറിജിനൽ ഗ്രാൻറ്. അതിനു പുറമെ അറുപത്തിനാലായിരം രൂപയാണ് ഇപ്പോൾ ചോദിച്ചിട്ടുള്ളത്. പേ റിവിഷൻ കൊണ്ടു് കൂടുതൽ വന്നിട്ടുള്ള തുകയാണ് ഇതു്. കൂടുതൽ വേണ്ടിവരുന്ന തുക എൺപത്തയ്യായിരമാണ്. ഇരുപത്തിഒരായിരത്തിച്ചിലവനം രൂപ റീ അപ്രോപ്രിയേഷനിൽ കിട്ടും. ബാക്കി രൂപ അനുവദിച്ചുതരണം.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: സർ, എനിക്ക് ഇതിനെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറയുവാനുണ്ട്. എത്ര ഡിപ്പാർട്ടുമെൻറിലും പരാതികളും ആക്ഷേപങ്ങളും ഉണ്ടായിരുന്നാലും നീതിന്യായവകുപ്പിനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു ആക്ഷേപം ഉണ്ടാകാൻ പാടില്ല. ഇങ്ങനെയുള്ള പരാതികളും മറ്റും നീതിന്യായവകുപ്പിനെ ബാധിക്കുന്നു എന്നു പറഞ്ഞാൽ അതു് നമ്മുടെ രാജ്യത്തിൻറെ ഭാവിയെ ഇങ്ങിനി വരാതവണ്ണം നശിപ്പിക്കാൻ പര്യാപ്തമാണ്. ഒരു കാര്യമാണ് എനിക്ക് ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു്. മലബാറിലെ വിതാംകൂറിൽ എവിടെയെല്ലാം സബ്കോടതികൾ വേണം, എവിടെയെല്ലാം മുൻസിഫ് കോടതികൾ വേണം എന്നുള്ളവയെ സംബന്ധിച്ച് അന്വേഷിച്ച്, അതായതു് കുലംകഷമായി അന്വേഷിച്ച്, തീരുമാനം ചെയ്യുന്നതിനുവേണ്ടി സത്യസന്ധനെന്നു പേരുകേട്ട കൊല്ലം ഡിസ്ട്രിക്ട് ജഡ്ജി ശ്രീ. പത്മനാഭനെ കമ്മീഷനായി നിയമിച്ചു. അദ്ദേഹം അഞ്ചാറു മാസക്കാലം സ്പെഷ്യൽ ഡ്യൂട്ടിയിൽ എല്ലാ സ്ഥലങ്ങളിലും ചെന്ന് അന്വേഷിച്ച് ജനങ്ങളുടെ മൊഴിവാങ്ങി ഇന്നാടത്തെല്ലാം കോടതികൾ വേണമെന്ന് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ ചെങ്ങന്നൂരിൽ ഒരു സബ്കോടതി വേണമെന്നു പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. കെ. രാമചന്ദ്രൻ നായർ]

അള്ളേഹം ചെങ്ങന്നൂർകാരനല്ല. അള്ളേഹം സത്യസന്ധനാണെന്നു് പൊതുവെ സമ്മതമാണു്. അതു കഴിഞ്ഞതിനശേഷം വീണ്ടും ഒരു ജസ്റ്റീസ് നന്ദനമേനോനെ കമ്മീഷനായി നിയമിച്ചു. അള്ളേഹം മൂന്നു മണിക്കൂർ കൊണ്ടു് ചെങ്ങന്നൂർ, തിരുവല്ലാ, പത്തനംതിട്ട, കോഴഞ്ചേരി, തീയാടിക്കൽ മുതലായ സ്ഥലങ്ങളിൽ ചുറ്റിസഞ്ചരിച്ചു് വേറൊരു റിപ്പോർട്ടു കൊടുത്തു. ആ റിപ്പോർട്ടും മി. പദ്മനാഭൻ കൊടുത്ത റിപ്പോർട്ടും വളരെ വ്യത്യസ്തങ്ങളാണു്. ഒരു ചീഫ് ജസ്റ്റീസിന്റെ താൽപ്പര്യം നോക്കിയും സഹജഡ്ജിമാരുടെ സ്വഭാവമാണെന്നുള്ള പരിഗണനയിലും തിരുവല്ലായിൽതന്നെ—അതും ഒരു മുൻസിഫ്കോടതിക്കു മാത്രമായി സബ്കോടതി സ്ഥാപിക്കണമെന്നു് ഹൈക്കോടതിജഡ്ജിമാർ എല്ലാവരും ഏകകണ്ഠമായി പറയുകയാണെന്നു വന്നാൽ ഈ രാജ്യത്തു് നീതിയും ന്യായവും എങ്ങനെ നടക്കുമെന്നു കണ്ടതന്നെ അറിയേണ്ടിയിരിക്കുന്നു. ഈ മാതിരി യോജിപ്പു് ആപൽക്കരമാണു്. സർ, കോൺഗ്രസ്സിൽ ഇന്നു കാണുന്ന വിയോജിപ്പു് വളർച്ചയുടെ ലക്ഷണമല്ലെ? ചെങ്ങന്നൂർ ഭരണല്ലാത്ത, പ്രത്യേകിച്ചു് സത്യസന്ധനെന്നു പേരുകിട്ടിയ മി. പദ്മനാഭന്റെ റിപ്പോർട്ടിലെ ഈ ഭാഗം മാത്രം ഭേദഗതിചെയ്യാൻ കായ്മെന്താണെന്നു് അറിയുന്നില്ല. ഒന്നും പരിഗണിക്കാതെ, ഗവണ്മെൻറും അതു് ശരിവച്ചു. ഇങ്ങനെയാണെങ്കിൽ മി. പദ്മനാഭനെപ്പോലെ സത്യസന്ധതയും സേവനസന്നദ്ധതയുമുള്ള ആളുകൾക്കു് പൊതുജനസേവനത്തിനു തന്നെ മടിയുണ്ടാകുന്നതാണു്. അള്ളേഹത്തിനു് ആ വകയിൽ കൊടുക്കാനുള്ള അലവൻസുപോലും ഇതുവരെ കൊടുത്തിട്ടില്ലെന്നാണു് അറിയുന്നതു്. ഇങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥന്മാർ സത്യസന്ധതയോടുകൂടി സംസ്ഥാനത്തെ സേവിക്കുവാൻ മുന്നോട്ടു വരുമോ എന്നു സംശയമാണു്. കായ്കൂടി ഈ പ്രകാരത്തിലിരിക്കുന്നതിനാൽ ഇതു് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ചില കോടതികളുടെ അധികാരാതിർത്തിയെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഒരു ഡിസ്ട്രിക്ട് ജഡ്ജിയെ നിയമിച്ചു. അള്ളേഹത്തിന്റെ റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ ചില ഭേദഗതിയോടുകൂടി ഹൈക്കോടതി അംഗീകരിച്ചു. ചെങ്ങന്നൂരിന്റെ കായ്തിൽ മാത്രമല്ല, മറ്റു താലൂക്കുകളുടെ കായ്തിലും ഹൈക്കോടതിക്കു് ആവശ്യമെന്നു തോന്നിയ ഭേദഗതി വരുത്തിയിട്ടുണ്ടു്. സബ്കോടതി ചെങ്ങന്നൂരിൽ വേണമെന്നു് ചെങ്ങന്നൂർക്കാരും തിരുവല്ലായിൽ വേണമെന്നു് തിരുവല്ലാക്കാരും പത്തനംതിട്ടയിൽ വേണമെന്നു് പത്തനംതിട്ടക്കാരും പറയുന്നു. ഹൈക്കോടതി ഇതെല്ലാം നല്ലപോലെ പരിശോധിച്ചിട്ടു് ഒരു തീരുമാനത്തിലെത്തുകയാണു് ചെയ്തിട്ടുള്ളതു്. ഏതു റിപ്പോർട്ടും അതുപോലെ സ്വീകരിക്കണമെന്നില്ല. അതിനാൽ അതിൽ ഉദ്ദേശശുദ്ധിയില്ലെന്നും മറ്റും പറയുന്നതു് ഭംഗിയല്ല. ഇത്രമാത്രമേ എനിക്കു് ഇതിനെസംബന്ധിച്ചു് പറയുവാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 64,180 be granted under Demand XIII—27—Administration of Justice (d) Civil and Sessions Courts—Allowances, was put and carried.

The grant was made.

1 p. m ]

MR. SPEAKER: Order, order. The time for Voting of Demands is over. I will now put the remaining Demands to vote.

**Demand XVI—36—Scientific Departments.**

The question that a supplementary sum not exceeding Rs. 9,800 under Demand XVI—36—Scientific Departments was put and carried.

The grant was made.

**Demand XVII—37 B (b) 1—Grant to Non-Government Schools.**

The question that a supplementary sum not exceeding Rs. 23,00,100 under Demand XVII—37 B (b) 1—Education, was put and carried.

The grant was made.

**Demand XVIII—38 (f) (i) A—Medical College.**

The question that a supplementary sum not exceeding Rs. 1,20,000 under Demand XVIII—Medical College was put and carried.

The grant was made.

**Demand XIX—39 (f) (iii)—Water Supply and Drainage.**

The question that a supplementary sum not exceeding Rs. 6,00,000 under Demand XIX—Public Health, was put and carried.

The grant was made.

**Demand XXV—47—Miscellaneous Departments.**

The question that a supplementary sum not exceeding Rs. 6,07,200 under Demand XXV-47-Miscellaneous Departments, was put and carried.

The grant was made.



LIBRARY ARCHIVES Kerala Legislative Assembly